"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ-ജീവനക്കാര്യം- ശ്രീമതി. രാജി ജെ. എഫ്, വനിതാ സിവിൽ പൊലീസ് ഓഫീസറുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.492/2025/WCDD തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം. 585/2023/വശിവിവ, തീയതി. 31/10/2023
2. സ.ഉ(സാധാ)നം. 425/2024/WCDD, തീയതി. 07/11/2024
3. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/2193/2023/കേവക, തീയതി. 03/11/2025

**ഉത്തരവ്**

കോഴിക്കോട് വനിതാ സെല്ലിൽ വനിതാ സിവിൽ പൊലീസ് ഓഫീസറായി ജോലി ചെയ്തു വരവെ ശ്രീമതി. രാജി ജെ. എഫ്-നെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ വനിതാ സിവിൽ പൊലീസ് ഓഫീസർ തസ്തികയിൽ നിയമിക്കുകയുണ്ടായി. പരാമർശം (2) പ്രകാരം പ്രസ്തുത അന്യത്രസേവന കാലാവധി 12/12/2024 മുതൽ ഒരു വർഷത്തേക്കു ദീർഘിപ്പിച്ചു നൽകിയിരുന്നു. തന്റെ അന്യത്രസേവന കാലാവധി 11/12/2025-ന് അവസാനിക്കുമെന്നും ആയത് ദീർഘിപ്പിച്ചു നൽകണമെന്നുമാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. രാജി ജെ. എഫ് സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് സംസ്ഥാന പൊലീസ് മേധാവിയുടെ നിരാക്ഷേപപത്രം സഹിതം പരാമർശം (3) കമ്മീഷൻ മെമ്പർ സെക്രട്ടറി സർക്കാരിന് ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി ശ്രീമതി. രാജി ജെ. എഫ്, വനിതാ സിവിൽ പൊലീസ് ഓഫീസറുടെ കേരള വനിതാ കമ്മീഷനിലെ അന്യത്രസേവന കാലാവധി

**12/12/2025** മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

സംസ്ഥാന പൊലീസ് മേധാവി, തിരുവനന്തപുരം (കത്ത് നം. E1-205427/2025/PHQ, തീയതി. 31/10/2025 പ്രകാരം)
മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
ശ്രീമതി. രാജി ജെ. എഫ്, സിവിൽ പൊലീസ് ഓഫീസർ, കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 18-12-2025 10:33:26